**No. CEE/4600/2019/KEAM-2020/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

## കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം– സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗ ക്കാർക്കുള്ള (EWS) സർട്ടിഫിക്കറ്റ് സംബന്ധിച്ച്.

2020-21 വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ (EWS) വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി വയ്ക്കാവുന്ന താണ്. 12.02.2020 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്) നം.02/2020/ഉ.ഭ.പ.വ പ്രകാരമുള്ള വരുമാനവും ആസ്തിയും സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച ശേഷം വില്ലേജ് ഓഫീസറിൽ നിന്ന് ലഭ്യമാകുന്ന നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റാണ് EWS സംവരണം ലഭ്യമാകുന്നതിനായി സമർപ്പിക്കേണ്ടത്. മേൽ സൂചിപ്പിച്ച അപേക്ഷാ ഫോറങ്ങളുടെ മാതൃക പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM 2020 Economically Weaker Sections (EWS) proformas download' എന്ന ലിങ്കിൽ നിന്നും അവരവരുടെ ആപ്ലിക്കേഷൻ നമ്പർ., പാസ്‌വേഡ് എന്നിവ നൽകി പ്രൊഫോർമകൾ ഡൗൺലോഡ് ചെയ്തെടുക്കാവുന്ന താണ്. വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാകുന്ന EWS സർട്ടിഫിക്കറ്റ് അപേക്ഷാർത്ഥി കൾക്ക് 15.03.2020 മുതൽ 'KEAM 2020 Candidate portal' വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

തിരുവനന്തപുരം
04.03.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**